# കൂടുമത്സ്യക്കൃഷിക്ക് മഴക്കാലരക്ഷ

**മത്സ്യം**



ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in

*? ഞാൻ കായലിൽ കൂടുമത്സ്യക്കൃഷി ചെയ്യുന്നു. മഴക്കാലത്ത് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.*

**വി. അംബുജാക്ഷൻ, വൈക്കം**

● മഴ തുടങ്ങിയാൽ കായലിലെ ഉപ്പുരസം കുറയുന്നതും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽനിന്ന് ജൈവ, അജൈവ അവശിഷ്ടങ്ങൾ കായലിലേക്ക് ഒഴുകിയെത്തുന്നതും മൂലം ജലത്തിന്റെ ഗുണനിലവാരം കുറയും. ഓക്സിജൻ അളവ് വലിയ തോതിൽ കുറയുന്നതോടൊപ്പം അമോണിയ, ഹൈഡ്രജൻ സൾഫൈഡ്, മറ്റ് വിഷലിപ്ത മൂലകങ്ങൾ എന്നിവയുടെ അളവു കൂടും. തുടർന്ന് മീനുകൾ കൂട്ടത്തോടെ ചാവാനിടയുണ്ട്. അതിനാൽ, കൂടുമത്സ്യക്കൃഷി ചെയ്യുന്നവർ മഴക്കാലം തുടങ്ങുന്നതോടൊപ്പം കൂടുകളിലെ മീനുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണം. ഇതിനായി വലുപ്പമെത്തിയ മീനുകളെ വിളവെടുക്കണം. മീനുകൾ വിളവെടുക്കാൻ തക്ക വലുപ്പമായില്ലെങ്കിൽ കൂടുകളിൽ മീനുകളുടെ എണ്ണം കുറയ്ക്കണം. കൂടുകളിൽ മീനുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞാൽ ഓക്സിജൻ അളവ് അൽപം കുറഞ്ഞാലും പ്രശ്നമില്ല. ആഴമേറിയ ഇടങ്ങളിലേക്ക് കൂടുകൾ മാറ്റിവയ്ക്കുക. മാറ്റുമ്പോൾ ഒഴുക്ക് അമിതമായ ഇടങ്ങൾ ഒഴിവാക്കണം. കൂടാതെ, കരയോടു ചേർന്നുള്ള കൂടുകൾ കായലിന്റെ മധ്യഭാഗത്തേക്ക് മാറ്റിക്കെട്ടുക. കഴിഞ്ഞ വർഷങ്ങളിൽ മീനുകൾ കൂട്ടത്തോടെ നശിച്ചിട്ടുള്ള സ്ഥലമാണെങ്കിൽ കൂടുകൾ പൂർണമായും വിളവെടുക്കുക. ഇത്തരം പ്രശ്നങ്ങൾക്കു സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ കൂടുകൾ വയ്ക്കുന്നതാണ് പ്രായോഗികം. വിളവെടുത്ത കൂടുകളിലെ കറുത്ത കല്ലുമ്മക്കായ, മുരിങ്ങ എന്നിവ പൂർണമായും മാറ്റി കൂടുകൾ കരയിലേക്കു കയറ്റിവയ്ക്കുക. മഴക്കാലത്തു കൂടുകൾ കേടുപാടുകൾ തീർക്കുക. മഴയ്ക്കുശേഷം സെപ്റ്റംബർ മാസത്തിൽ വീണ്ടും ഈ കൂടുകളിൽ കൃഷിയിറക്കാം.

